<u>പത്രക്കുറിപ്പ്</u>

12.10.2020

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (സ്റ്റാൻഡേർഡ്സ് ഓഫ് പെർഫോർമെൻസ് ഡിസ്ട്രിബ്യൂഷൻ ലൈസൻസിസ്) റെഗുലേഷൻ,2015-ലെ 29 -ാം നമ്പർ ചട്ടം പ്രകാരം ഉപഭോക്തക്കളുടെ പരാതി പരിഹരിക്കുവനായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ഒരു മാന്വൽ തയ്യാറാക്കി, അംഗീകരത്തിനായി കമ്മീഷൻ മുമ്പാകെ 14.01.2019-ൽ സമർപ്പിച്ചിട്ടുണ്ട്. ടി മാന്വലിന്റെ കരട് രുപം കമ്മീഷന്റെ വെബ്സൈറ്റായ (www.erckerala.org)-ൽ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട് . ടി മാന്വലിന്റെ ആദ്യത്തെ പൊതുതെളിവെടുപ്പ് 2020 ഫെബ്രുവരി മാസം 20-ാം തീയതി 11 മണിക്ക് തിരുവനന്തപുരത്തുള്ള കമ്മീഷൻ ആസ്ഥാനത്തു വച്ച് നേരിട്ട് നടത്തിയിട്ടുള്ളതാണ്. ടി മാന്വലിന്റെ രണ്ടാമത്തെ പൊതുതെളിവെടുപ്പ് 2020 ഒക്ടോബർ മാസം 27-ാം തീയതി രാവിലെ 11 ന് വീഡിയോ കോൺഫറൻസിംഗ് വഴി നടത്തുന്നതാണ്. പ്രസ്തുത പൊതുതെളിവെടുപ്പിൽ പൊതുജനങ്ങൾക്കും, അഭ്യുദയകാംക്ഷികൾക്കും മറ്റ് താത്പര്യമുള്ളവർക്കും പങ്കെടുത്ത്, അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും, രേഖപ്പെടുത്താവുന്നതാണ്. വീഡിയോ കോൺഫറൻസിലൂടെയുള്ള പൊതുതെളിവെടുപ്പിൽ പങ്കെടുക്കുന്നതിനുള്ള ലിങ്ക് ലഭ്യമാക്കുന്നതിനായി പങ്കെടുക്കുന്ന ആളിന്റെ പേര്, ഇ-മെയിൽ വിലാസം എന്നിവ ഒക്ടോബർ 20-ാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് മുൻപായി കമ്മീഷന്റെ ഇ-മെയിൽ വിലാസമായ kserc@erckerala.org-ൽ അറിയിക്കേണ്ടതാണ്. തപാൽ മുഖേന അഭിപ്രായങ്ങൾ അയയ്ക്കുന്നവർ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി. രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ 22.10.2020 ന് മുമ്പായി കിട്ടത്തക്കവിധം അയയ്ക്കേണ്ടതാണ്.

സെക്രട്ടറി(ഇൻചാർജ്ജ്)

G:\Hearing notice & related details\Press release-malayalam-dated.12.10.2020.doc